"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ
## ധനകാര്യ (റൂൾസ്-എ) വകുപ്പ്

നം.26/2020/ധന

തീയതി:19.05.2020 , തിരുവനന്തപുരം

**സർക്കുലർ**

വിഷയം:- ഉദ്യോഗക്കയറ്റം വകുപ്പിലെ കേഡർ തസ്തികയിൽ മാത്രം നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കുലർ നം. 15618/ഉപദേശ സി1/1990/ഉഭപവ തീയതി 05-12-1990

കെ.എസ്.ആർ. ഭാഗം 1 ചട്ടം 37(ബി) യ്ക്ക് ചുവടെയുള്ള റൂളിംഗ് 1 പ്രകാരമുള്ള Next Below Rule പ്രകാരം, സീനിയർ ഉദ്യോഗസ്ഥന് ഉദ്യോഗക്കയറ്റം നല്കി ഡെപ്യൂട്ടേഷനിൽ നിയമിക്കുകയോ ഡെപ്യൂട്ടേഷനിൽ തുടരുവാൻ അനുവദിക്കുകയോ ചെയ്താൽ തൽഫലമായി കേഡറിൽ നിലനിൽക്കുന്ന ഒഴിവിൽ ജൂനിയർ ഉദ്യോഗസ്ഥനെ വകുപ്പിലെ കേഡർ തസ്തികയിൽ നിയമിക്കുന്നതിനും, ടിയാന്റെ ജൂനിയർ കേഡറിനകത്ത് പ്രൊമോഷൻ തസ്തികയിൽ ചാർജ്ജെടുക്കുന്ന തീയതിയിൽ സീനിയറിന് പ്രൊഫോർമ ഒഫിഷ്യേറ്റിംഗ് പ്രൊമോഷൻ നൽകുന്നതിനും അർഹതയുണ്ട്. ജൂനിയറിന് പ്രമോഷൻ നല്കിയില്ലെങ്കിൽ കേഡറിൽ ഒഴിവില്ല എന്നും വകുപ്പിൽ ഒഴിവില്ലാതെയാണ് സീനിയറിന് ഉദ്യോഗക്കയറ്റം നല്കിയതെന്ന സ്ഥിതിയും സംജാതമാകുന്നു. വകുപ്പിലെ കേഡറിൽ പ്രസ്തുത തസ്തികയിൽ ജൂനിയറിനെ പ്രൊമോട്ട് ചെയ്തു നിയമിക്കുന്നതുവരെ ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട സീനിയർ ഉദ്യോഗസ്ഥന് പ്രൊമോട്ടഡ് തസ്തികയുടെ ശമ്പളവും അലവൻസും ലഭിക്കാതെ വരുന്നു.

2. ഒരു പൊതു ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥരിൽ സീനിയറായ ഉദ്യോഗസ്ഥനെ പ്രൊമോട്ട് ചെയ്ത് മറ്റു വകുപ്പുകളിലെ ഡെപ്യൂട്ടേഷൻ തസ്തികയിലേയ്ക്ക് നിയമിക്കുന്നതിനായി ടിയാന്റെ സേവനം വിട്ടുനല്കുകയും അപ്രകാരം ഉണ്ടാവുന്ന ഒഴിവിലേയ്ക്ക് ജൂനിയറിനെ പ്രൊമോട്ട് ചെയ്ത് കേഡറിൽ നിയമിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ സീനിയർ ഉദ്യോഗസ്ഥന്, ഡെപ്യൂട്ടേഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിലെ കാലതാമസമോ മറ്റു സാങ്കേതിക കാരണങ്ങളാലോ ടിയാന് ടിയാന്റെ ജൂനിയർ പ്രൊമോട്ടഡ് തസ്തികയിൽ ചാർജ്ജെടുക്കുന്നതിനു മുൻപ് പ്രൊമോട്ടഡ് തസ്തികയിൽ ചാർജെടുക്കാൻ കഴിയാതെ വരികയും സീനിയർ ഉദ്യോഗസ്ഥന്റെ സീനിയോരിറ്റി സംരക്ഷിക്കുന്നതിനായി കെ എസ് ആർ ഭാഗം 1 ചട്ടം 23(എ) യിൽ ഇളവു വരുത്തി സീനിയോരിറ്റിയും ശമ്പളവും അനുവദിക്കേണ്ടതായും വരുന്നു. ആയത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതും ഒരേ തസ്തികയിൽ രണ്ട് പേർക്ക് ശമ്പളം നൽകേണ്ട സ്ഥിതിയും സംജാതമാകുന്നു.

3. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. 05-12-1990 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ സർക്കുലർ നം.15618/ഉപദേശ സി1/1990/ഉഭപവ പ്രകാരം ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

നടത്തുന്നതിന് സർക്കാർ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം ഡെപ്യൂട്ടേഷൻ നിയമനങ്ങൾ ഉത്തരവാകേണ്ടത് 'ബോറോവിംഗ് വകുപ്പ്" ആണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ബോറോവിംഗ് വകുപ്പിന്റെ അനുമതിയോടെ ഡെപ്യൂട്ടേഷൻ നിയമനം നടത്തിയാൽ, ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന് വിവിധ കാരണങ്ങളാൽ ചുമതലയേറ്റെടുക്കുവാൻ കഴിയാതെ വരുന്ന സാഹചര്യമോ കെ എസ് ആർ ഭാഗം 1 ചട്ടം 23(എ)യിൽ ഇളവ് അനുവദിക്കേണ്ട സാഹചര്യമോ ഉണ്ടാകുന്നതല്ല.

4. മേൽ സാഹചര്യത്തിൽ ഒരു പൊതു ഉത്തരവ് പ്രകാരം ഒന്നിലധികം ഉദ്യോഗസ്ഥർക്ക് ഉദ്യോഗക്കയറ്റം നല്കുകയും ആയതിലെ ഏതെങ്കിലും ഉദ്യോഗസ്ഥന് ഡെപ്യൂട്ടേഷൻ തസ്തികയിൽ നിയമനം നല്കേണ്ടതായും വരുന്ന സന്ദർഭത്തിൽ വകുപ്പിലെ കേഡറിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് മാത്രം പ്രൊമോഷൻ നടത്തേണ്ടതും ഉദ്യോഗസ്ഥനെ കേഡറിലെ ഒഴിവിൽ തന്നെ നിയമിച്ചതിനു ശേഷം 05-12-1990 ലെ 15618/ഉപദേശ സി1/1990/ഉഭപവ സർക്കുലറിലെ നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് ഡെപ്യൂട്ടേഷൻ നിയമനം നടത്തേണ്ടതും ഡെപ്യൂട്ടേഷൻ ലഭിച്ച ഉദ്യോഗസ്ഥൻ കേഡറിൽ നിന്നും വിടുതൽ ചെയ്യുന്ന മുറയ്ക്ക് ജൂനിയറിന് പ്രൊമോഷൻ നൽകേണ്ടതുമാണ്.

**ഗീത എം**
ധനകാര്യ അഡീഷണൽ സെക്രട്ടറി
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ് എസ് എ , എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ &ആർ എസ് എ ), കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവന്മാർക്കും ഓഫീസ് മേധാവികൾക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
സെക്രട്ടറി ഓംബുഡ്സ്മാൻ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി / നിയമസഭ അസംബ്ലിയിലെ ഡെപ്യൂട്ടി സ്പീക്കർ
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ, കേരള, തിരുവനന്തപുരം
സംസ്ഥാന വിവരാവകാശ കമ്മീഷണർ (ആമുഖകത്ത് സഹിതം)
നോഡൽ ഓഫീസർ (www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (1068980)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ